പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

05.06.2018 - ൽ മറുപടിക്ക്.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 615

## വ്യവസായ മേഖലയുടെ ശാക്തീകരണം

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

ചോദ്യം
ശ്രീ. എം.വിൻസെന്റ്

| ചോദ്യം | മറുപടി |
| --- | --- |
| (എ) വ്യാവസായിക മേഖലയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; ഇതിലൂടെ വ്യവസായ രംഗത്ത് എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ; | (എ) : വ്യാവസായിക മേഖലയുടെ ശാക്തീകരണത്തിനും വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനുമായി വിവിധ വകുപ്പുകളുടെ ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2017 പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വ്യവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുമായി നടപ്പിലാക്കിയ നൂതന പദ്ധതികൾ താഴെപ്പറയുന്നു :<br>• നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി.<br>• എറണാകുളത്തും തൃശ്ശൂരും ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ് .<br>• സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി.<br>• സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി.<br>• സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡവലപ്പ്മെന്റ് പദ്ധതി.<br>• തകർച്ച നേരിടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പുനരുദ്ധാരണ പദ്ധതി.<br>• സ്ത്രീകൾ, എസ്.സി / എസ്.റ്റി, അംഗപരിമിതർ എന്നീ വിഭാഗത്തിൽപ്പെട്ട വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള |

സഹായം.

- സ്കീം ഫോർ റീ ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ. & ഇ.പി.എഫ് കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിങ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ.
- വ്യവസായ വികസനം ലക്ഷ്യമാക്കിയുള്ള പശ്ചാത്തല വികസന പദ്ധതികളിലൂന്നി ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം.
- തൃശ്ശൂർ ജില്ലയിലെ പൂവൻചുരുത്ത്, എറണാകുളം ജില്ലയിലെ എടയാർ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള പ്രത്യേക പ്രോജക്ടുകൾ.

മേൽപ്പറഞ്ഞ പദ്ധതികളിലൂടെയും നടപടികളിലൂടെയും കൂടുതൽ വ്യവസായ സൗഹൃദാന്തരീക്ഷം ഉണ്ടായതായും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതായും വിലയിരുത്തിയിട്ടുണ്ട്.

കഴിഞ്ഞ വർഷം നടത്തിയ വിവിധ സംരംഭകത്വ പരിശീലന പരിപാടികളിൽ 35107 പേർ പങ്കെടുക്കുകയും 2157 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ 8090 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 22907 ലക്ഷം രൂപയുടെ വ്യവസായ നിക്ഷേപവും നടത്തിയതായി കണ്ടെത്തി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള 333 ഇ.ഡി. ക്ലബ്ബുകൾക്ക് 33.30 ലക്ഷം രൂപ നൽകി. 2018-19 വർഷം ഇതുവരെ 1077 യൂണിറ്റുകൾ ആരംഭിക്കുകയും 95.83 കോടി രൂപയുടെ നിക്ഷേപം വരുകയും 3732 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

| | | |
|---|---|---|
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനായി റിയാബ് തയ്യാറാക്കിയ ലിസ്റ്റ് നിലവിലുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ഉയർന്ന തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (ബി) : ഇല്ല.<br>മാനേജ്മെന്റ് രംഗത്തും സാങ്കേതിക രംഗത്തും വൈദഗ്ദ്ധ്യമുള്ളവരെ സർക്കാർ നേരിട്ട് മാനേജിങ് ഡയറക്ടർമാരായി നിയമിക്കാറുണ്ട്. |
| (സി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ ലാഭം എത്ര കോടി രൂപയാണ്; അതിൽ കെ.എം.എം.എൽ, റ്റി.റ്റി.പി, റ്റി.സി.സി | (സി) : 2017-18-ലെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ ലാഭം 106.90 കോടി രൂപയാണ്. |

| | | |
|---|---|---|
| | എന്നിവയുടെ പങ്ക് എത്രയാണ്; | 2017-18-ലെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം കെ.എം.എം.എൽ, റ്റി.റ്റി.പി, റ്റി.സി.സി എന്നിവയുടെ ലാഭ വിവരം ചുവടെ ചേർക്കുന്നു.<br>കെ.എം.എം.എൽ : 195.78 കോടി.<br>റ്റി.റ്റി.പി. : 18.83 കോടി.<br>റ്റി.സി.സി : 33.17 കോടി. |
| (ഡി) | സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടം വർദ്ധിച്ചിട്ടുണ്ടോ ; മുൻ വർഷത്തെ അപേക്ഷിച്ച് ഇക്കാര്യത്തിൽ എന്ത് വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി): ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അതായത് 2015-16-ൽ നഷ്ടത്തിലുള്ള സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 226.55 കോടി രൂപയായിരുന്നു. എന്നാൽ 2016-17-ൽ ഇത് 180.52 കോടി രൂപയും 2017-18-ൽ 196.81 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ.